LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ചു. 2011-12-ൽ ഇ-ഗവേണൻസ് രംഗത്തെ മികവിന്, സംസ്ഥാന ഐ.ടി മിഷൻ നടപ്പിലാക്കിയ ഇ-ഡിസ്ട്രിക്ട് പദ്ധതിക്ക് ലഭിച്ചു. 2013-ൽ സംസ്ഥാന സർക്കാർ വിജയകരമായി നടപ്പാക്കിയ ഇ-ടെണ്ടർ അഥവാ ഇ-പ്രൊക്യൂർമെന്റ് സംവിധാനത്തിനും അതുപോലെ ഐ.ടി മിഷനിൽ നടപ്പിലാക്കിയ ഡി.ഡി.എഫ്.എസ്-നും (Digital Document File System) അവാർഡ് ലഭിക്കുകയുണ്ടായി. 2014-ൽ സ്റ്റേറ്റ് കാറ്റഗറി വിഭാഗത്തിലാണ് സി.എസ്.ഐ. നിഹലന്റ് അവാർഡ് സംസ്ഥാനത്തിന് ലഭിച്ചത്.

(സി) 2014-ൽ മറ്റ് പ്രധാന വിഭാഗങ്ങളിലായി മധ്യപ്രദേശ്, ഗുജറാത്ത്, ഛത്തീസ്ഗഢ്, ഡൽഹി എന്നീ സംസ്ഥാനങ്ങൾക്കും കേരളത്തിനു പുറമേ അവാർഡുകൾ ലഭിക്കുകയുണ്ടായി.

അക്ഷയ കേന്ദ്രങ്ങൾ

266 (611) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ നിലവിലുണ്ട് ; എന്തൊക്കെ സേവനങ്ങളാണ് ഇതുവഴി ലഭിക്കുന്നത് ;

(ബി) അക്ഷയ കേന്ദ്രങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ 21 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. UID എൻറോൾമെന്റ്, ഇ-ഡിസ്ട്രിക്ട്, ഇ-ഗ്രാന്റ്സ്, ഫാർമേഴ്സ് ഡാറ്റാ എൻട്രി, ലേബർ വെൽഫയർ കമ്മിഷണറേറ്റിന്റെ ഡാറ്റാ എൻട്രി, ഫുഡ് സേഫ്റ്റി & ലൈസൻസിനു വേണ്ടിയുള്ള ഓൺലൈൻ അപേക്ഷ, കൾച്ചറൽ വെൽഫയർ ബോർഡിന്റെ സബ്സ്ക്രിപ്ഷൻ കളക്ഷൻ, എസ്.സി. മെടിക് ഡാറ്റാ എൻട്രി, മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കൽ, ചിയാക് രജിസ്ട്രേഷൻ, ആബി രജിസ്ട്രേഷൻ, ക്ഷീര കർഷക വെൽഫയർ പേഴ്സണലിനുള്ള കമ്പ്യൂട്ടർ പരിശീലനം, ഇ-ഫയലിംഗ്, ബാങ്കിംഗ് കിയോസ്ക്, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴി നൽകിവരുന്നു.

(ബി) നിലവിലെ വ്യവസ്ഥകൾ അനുസരിച്ച് ഒരു ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 4-ഉം മുൻസിപ്പാലിറ്റിയുടെ പരിധിയിൽ 6-ഉം കോർപ്പറേഷനുകളിൽ

കുടുംബ സാന്ദ്രതയ്ക്കനുസരിച്ച് (House hold density) കോർപ്പറേഷനുകൾ ആവശ്യപ്പെടുന്നതനുസരിച്ചുമാണ് പുതിയ അക്ഷയ കേന്ദ്രങ്ങൾക്ക് അനുമതി നൽകിവരുന്നത്. എന്നാൽ രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി 2 കിലോ മീറ്ററിൽ കൂടുതൽ ആയിരിക്കണം. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ സർക്കാർ ഉത്തരവിനനുസരിച്ച് പരിമിതപ്പെടുത്തിയിട്ടുള്ള അക്ഷയ കേന്ദ്രങ്ങൾ ഇല്ലാത്തപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനം പ്രമേയം പാസ്സാക്കിയാൽ മുകളിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതാണ്.

അക്ഷയ കേന്ദ്രങ്ങളുടെ ഓഫീസ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

267 (612) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്ഷയ കേന്ദ്രങ്ങൾക്കുമേൽ സർക്കാരിനുള്ള നിയന്ത്രണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) മിക്ക അക്ഷയ കേന്ദ്രങ്ങളിലും ആവശ്യത്തിന് ജീവനക്കാരും ഓഫീസ് സൗകര്യങ്ങളും ഇല്ലാത്തതിനാലും കെട്ടിടങ്ങളുടെ മുകളിലത്തെ നിലകളിൽ പ്രവർത്തിക്കുന്നതിനാലും വൃദ്ധജനങ്ങളും രോഗികളും ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 20-7-2013-ലെ സ.ഉ.(സാധാ). 171/13/ITD നമ്പർ ഉത്തരവ് പ്രകാരം നിശ്ചയിക്കപ്പെട്ട കരാർ വ്യവസ്ഥകൾ ലംഘിക്കുകയോ ക്രമക്കേട് നടത്തുകയോ പ്രവർത്തനം മോശമാവുകയോ ചെയ്യുന്ന അവസരത്തിൽ അക്ഷയ സെന്ററിന്റെ അംഗീകാരം റദ്ദാക്കുവാൻ കേരള സ്റ്റേറ്റ് ഐ.ടി. മിഷന് അധികാരമുണ്ട്.

(ബി) അക്ഷയ കേന്ദ്രങ്ങളിൽ വളരെയധികം തിരക്കുവരുന്ന സന്ദർഭങ്ങളിൽ വൃദ്ധജനങ്ങൾക്കും മറ്റും പ്രത്യേക പരിഗണന നൽകണമെന്നും ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്ന രീതിയിലായിരിക്കണം അക്ഷയകേന്ദ്രങ്ങൾ പ്രവർത്തിക്കേണ്ടതെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(സി) പുതുതായി തുടങ്ങുന്ന എല്ലാ അക്ഷയകേന്ദ്രങ്ങളിലും പഴയ അക്ഷയകേന്ദ്രങ്ങളിൽ ഘട്ടം ഘട്ടമായും ടോയ്ലെറ്റ്, കുടിവെള്ളം തുടങ്ങിയ

LIBRARY ARCHIVES Kerala Legislative Assembly